ALL INDIA RADIO Calicut
REGIONAL NEWS UNIT

# ആകാശവാണി കോഴിക്കോട്

## പ്രാദേശിക വാർത്തകൾ

തീയതി: 23- 06 -2017 സമയം: 12.30 pm

### പ്രധാനവാർത്തകൾ

- എൻഡിഎ യുടെ രാഷ്ട്രപതി സ്ഥാനാർത്ഥി ശ്രീ രാംനാഥ് കോവിന്ദ് പത്രിക സമർപ്പിച്ചു.
- പകർച്ചപ്പനി പ്രതിരോധവും ശുചീകരണവും ചർച്ച ചെയ്യാൻ ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം.
- അമൃത് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തി.
- പിഎസ്എൽവി, സി-38 വിജയകരമായി വിക്ഷേപിച്ചു.
- മെഡിക്കൽ ഡെന്റൽ പ്രവേശന പരീക്ഷ-നീറ്റിന്റെ ഫലം പ്രഖ്യാപിച്ചു.
- മാസത്തിലൊരിക്കൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുമെന്ന് വിജിലൻസ് ഡയറക്ടർ.
- ഇന്ത്യ- വെസ്റ്റിൻഡീസ് ആദ്യ ഏകദിനമത്സരം ഇന്ന് വൈകീട്ട്.

എൻ ഡി എയുടെ രാഷ്ട്രപതി സ്ഥാനാർത്ഥി ശ്രീ രാം നാഥ് കോവിന്ദ് നാമനിർദേശ പത്രിക സമർപ്പിച്ചു. ലോക്സഭാ സെക്രട്ടറി ജനറലാണ് പത്രിക സ്വീകരിച്ചത്. പ്രധാന മന്ത്രി ശ്രീ നരേന്ദ്രമോദി, ബി ജെ പി ദേശീയാധ്യക്ഷൻ ശ്രീ അമിത് ഷാ തുടങ്ങി പ്രമുഖർ പത്രികാസമർപ്പണ വേളയിൽ അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു.

രാഷ്ട്രപതി സ്ഥാനാർത്ഥിയാക്കിയതിലൂടെ ശ്രീമതി മീരാകുമാറിനെ കോൺഗ്രസ് ബലിയാടാക്കിയിരിക്കുകയാണെന്ന് ബിജെപി വിലയിരുത്തി. ഭരണത്തിലിരുന്നപ്പോൾ അവരെ രാഷ്ട്രപതി സ്ഥാനത്തേക്ക് കോൺഗ്രസ് പരിഗണിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ബിജെപി വക്താവ് ശ്രീ ജി.വി.എൽ നരസിംഹറാവു ന്യൂഡൽഹിയിൽ ചോദിച്ചു. പിന്നാക്ക വിഭാഗക്കാരെ പരമോന്നതപദവിയിലെത്തിക്കാൻ കോൺഗ്രസ്സിന് പ്രതിബദ്ധതയില്ലെന്നും ഇപ്പോഴത്തേത് വെറും തന്ത്രമാണെന്നും അദ്ദേഹം കുറ്റ

RNU CALICUT

പ്പെടുത്തി.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

എൻഡിഎ യുടെ രാഷ്ട്രപതി സ്ഥാനാർത്ഥി ശ്രീ രാംനാഥ് കോവിന്ദ്-നെ പിന്തുണയ്ക്കാനുള്ള ബീഹാർ മുഖ്യമന്ത്രി ശ്രീ നിതീഷ് കുമാറിന്റെ തീരുമാനം ചരിത്രപരമായ തെറ്റാണെന്ന് ആർജെഡി അധ്യക്ഷൻ ശ്രീ ലാലുപ്രസാദ് യാദവ് പറഞ്ഞു. ബിജെപിക്കെതിരെ പ്രതിപക്ഷ കക്ഷികളെല്ലാം ചേർന്ന് രൂപീകരിച്ച സഖ്യത്തിൽ നിന്ന് ശ്രീ നിധീഷ് പിന്നോട്ടുപോയി. ശ്രീ കോവിന്ദിന് ആർഎസ്എസ് പശ്ചാത്തലമുണ്ടെന്നും തീരുമാനത്തിൽ നിന്നും ശ്രീ നിധീഷ് പിന്മാറണമെന്നും  ശ്രീ ലാലുപ്രസാദ് യാദവ് പട്നയിൽ ആവശ്യപ്പെട്ടു.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

ജെഡിയു സംസ്ഥാനസമിതിയോഗം ഇന്ന് തിരുവനന്തപുരത്ത് ചേരും. രാഷ്ട്രപതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളും നിലവിലെ രാഷ്ട്രീയ സാഹചര്യങ്ങളും യോഗം ചർച്ച ചെയ്യും.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

പകർച്ചപ്പനി പ്രതിരോധത്തിനും ശുചീകരണത്തിനും നടപടികൾ ആലോചിക്കുന്നതിന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം ചേരും. ഉച്ചകഴിഞ്ഞ് മൂന്നിന് മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിലാണ് യോഗം. പനി പ്രതിരോധത്തിനും ശുചീകരണത്തിനും  മന്ത്രിസഭായോഗം കഴിഞ്ഞ ദിവസം കർമ്മ പരിപാടി തയ്യാറാക്കിയിരുന്നു.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

ഇന്ത്യൻ നഗരങ്ങളെ രാജ്യാന്തര നിലവാരത്തിലുള്ള സ്മാർട്സിറ്റികളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന അമൃത് പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തി. 30 നഗരങ്ങൾ ഉൾപ്പെടുന്ന മൂന്നാം ഘട്ടത്തിൽ ഒന്നാം സ്ഥാനത്തായാണ് തിരുവനന്തപുരത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രമന്ത്രി വെങ്കയ്യനായിഡുവാണ് ഇക്കാര്യം ന്യൂഡൽഹിയിൽ പ്രഖ്യാപിച്ചത്. നേരത്തെ കൊച്ചി നഗരത്തേയും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

പി എസ് എൽ വി C - 38, ഐഎസ്ആർഒ വിജയകരമായി വിക്ഷേപിച്ചു. 9.29 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്നാണ് ഉപഗ്രഹം ഭ്രമണപഥത്തിലേക്ക് കുതിച്ചത്. അതിർത്തിയിലെ നീക്കങ്ങൾ നിരീക്ഷിക്കുന്ന ഇന്ത്യയുടെ കാർട്ടോസാറ്റ്-2  ഉൾപ്പെടെ വിദേശ രാജ്യങ്ങളുടേതടക്കം 31 ചെറു ഉപഗ്രഹങ്ങളുമായാണ്  പി എസ് എൽ വി C - 38 വിക്ഷേപിച്ചത്.  712 കിലോയാണ് ഉപഗ്രഹ

RNU CALICUT

ത്തിന്റെ ഭാരം. ദൗത്യം വിജയകരമാണെന്ന് ഐഎസ്ആർഒ കേന്ദ്രങ്ങൾ ശ്രീഹരിക്കോട്ടയിലറിയിച്ചു.

മെഡിക്കൽ ഡെന്റൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സിബിഎസ്ഇ വെബ്സൈറ്റിൽ ഫലം അറിയാം. രാജ്യത്താകെ 11 ലക്ഷം പേരാണ് നീറ്റ് പരീക്ഷ എഴുതിയത്. കഴിഞ്ഞ ഏഴിനായിരുന്നു പരീക്ഷ.

മാസത്തിലൊരിക്കൽ വില്ലേജ് ഓഫീസുകളിൽ മിന്നൽ പരിശോധ നടത്തുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ ലോക്നാഥ് ബെഹ്റ. ഇതിന് എസ്പി മാർക്ക് നിർദ്ദേശം നൽകി. പരിശോധന നടത്തിയ 40 വില്ലേജ് ഓഫീസുകളിൽ ഗുരുതര വീഴ്ചകൾ കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

കോഴിക്കോട് ചെമ്പനോട വില്ലേജ് ഓഫീസിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവത്തിൽ വില്ലേജ് ഓഫീസിലെ ജീവനക്കാർക്ക് വീഴ്ച്ച പറ്റിയതായി പ്രാഥമിക റിപ്പോർട്ട്. സംഭവത്തിൽ വില്ലേജ് ഓഫീസർക്കും വില്ലേജ് അസിസ്റ്റന്റിനും തുല്യഉത്തരവാദിത്വം ഉണ്ടെന്ന് ജില്ലാകലക്ടർ ശ്രീ യു.വി.ജോസ് ഗവൺമെന്റിന് നൽകിയ റിപ്പോർട്ടിൽ പറയുന്നു.

കണ്ണൂർ ജില്ല പൊലീസ് ആസ്ഥാനത്ത കമ്പ്യൂട്ടറുകളിൽ വൈറസ്ബാധ. വാണാക്രൈ വൈറസാണ് ബാധിച്ചതെന്നറിയുന്നു. ഫയലുകൾ നശിച്ചതായി സൂചനയുണ്ട്.

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ആദ്യ ഏകദിനം ഇന്ന്. ഇന്ത്യൻ സമയം വൈകീട്ട് 6.30 ന് സ്പെയിനിലാണ് മത്സരം. അഞ്ച് ഏകദിന മത്സരങ്ങളും ഒരു ട്വന്റി-20 യുമാണ് വെസ്റ്റ് ഇൻഡീസുമായി ഇന്ത്യ കളിക്കുന്നത്.

ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പരിശീലക സ്ഥാനം ഒഴിയാനുള്ള അനിൽ കുംബ്ലെയുടെ തീരുമാനത്തെ ബഹുമാനിക്കുന്നുവെന്ന് ടീം ക്യാപ്റ്റൻ വിരാട്കോഹ്ലി പറഞ്ഞു. വെസ്റ്റിൻഡീസ് പരമ്പരയിലെ ആദ്യമത്സരത്തിന് മുന്നോടിയായി സ്പെയിനിൽ നടത്തിയ വാർത്താസമ്മേളനത്തിലാണ് കോഹ്ലി നിലപാട് വ്യക്തമാക്കിയത്.

RNU CALICUT

സഹകരണ മേഖലയിൽ കോഴിക്കോട് ഉള്ളേര്യരിയിൽ പ്രവർത്തിക്കുന്ന എം-ഡിറ്റ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ടെക്നോളജിക്കൽ ക്യാമ്പസ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ ശ്രീ കടകംപള്ളി സുരേന്ദ്രൻ, ശ്രീ. ടി.പി.രാമകൃഷ്ണൻ, ശ്രീ എം.കെ.രാഘവൻ എം.പി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിക്കും. 2012 ൽ തുടക്കം കുറിച്ച എഞ്ചിനീയറിംഗ് കോളേജ് കൂടുതൽ പഠന മേഖലകൾ ഉൾപ്പെടുത്തി സാങ്കേതികവിദ്യാ ക്യാമ്പസ്സായി വികസിപ്പിക്കുകയായിരുന്നു എന്ന് എം.ഡിറ്റ് ചെയർമാൻ ശ്രീ.എം.മെഹബൂബ് കോഴിക്കോട്ട് അറിയിച്ചു.

ര ര ര ര ര ര ര ര

നടക്കാവ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ കെട്ടിടസമുച്ചയം മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. 2008 ൽ തുടക്കം കുറിച്ച പ്രിസം പദ്ധതി അനുസരിച്ച് 2011 ൽ അനുവദിച്ച ഒന്നര കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചതെന്ന് ശ്രീ . എ. പ്രദീപ് കുമാർ എംഎൽഎ കോഴിക്കോട്ട് അറിയിച്ചു.

ര ര ര ര ര ര ര ര

ഉച്ചയ്ക്ക് ശേഷം മൂന്നിന് ചേരുന്ന ഉദ്ഘാടന ചടങ്ങിൽ കോർപ്പറേഷൻ മേയർ ശ്രീ തോട്ടത്തിൽ രവീന്ദ്രൻ, ശ്രീ എം.കെ.രാഘവൻ എം.പി, ശ്രീ.എ. പ്രദീപ്കുമാർ എംഎൽഎ തുടങ്ങിയവർ പങ്കെടുക്കും.

ര ര ര ര ര ര ര ര

പാലക്കാട് ഗോവിന്ദാപുരം അംബേദ്കർ കോളനിയിലെ ജാതി വിവേചനം സംബന്ധിച്ച പരാതിയിൽ പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ കോളനി സന്ദർശിച്ച് തെളിവെടുപ്പ് നടത്തുന്നു. കമ്മീഷൻ ചെയർമാൻ ശ്രീ പി എൻ വിജയകുമാറിന്റെ നേതൃത്വത്തിലെ സംഘമാണ് കോളനി സന്ദർശിക്കുന്നത്.

ര ര ര ര ര ര ര ര

ഈ മാസം ഒന്നിന് തുടങ്ങിയ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ 34 ശതമാനം മഴ കുറവെന്ന് കാലാവസ്ഥാനിരീക്ഷണ കേന്ദ്രം തിരുവനന്തപുരത്ത് അറിയിച്ചു. വയനാട് ജില്ലയിലാണ് മഴ ഏറ്റവും കുറഞ്ഞത്. കോഴിക്കോട്, കണ്ണൂർ, എറണാകുളം, കൊല്ലം ജില്ലകളിൽ സാധാരണ മഴ ലഭിച്ചു. അതേസമയം മഴക്കുറവിൽ ആശങ്ക വേണ്ടെന്ന് കേന്ദ്രം വ്യക്തമാക്കി.

ര ര ര ര ര ര ര ര

പാലക്കാട് ആലത്തൂരിൽ പനി ബാധിച്ച് ഒരു കുട്ടികൂടി മരിച്ചു. ഒരു വയസ്സുകാരൻ ചുണ്ടക്കാട് കോതക്കുളം വീട്ടിൽ മുഹമ്മദ് സഫ്‌വാനാണ് മരിച്ചത്. എറണാകുളം സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഇന്നലെ പനി ബാധിച്ച് 9 മാസം

RNU CALICUT

പ്രായമായ കുട്ടി മരിച്ചിരുന്നു.

---

കണ്ണൂർ ജില്ലയിലെ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. ഈ മാസം 27.28.29 തിയ്യതികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചു. ശ്രീമതി പി.കെ.ശ്രീമതി എം.പി, എംഎൽഎ മാർ, എന്നിവർ യോഗത്തിൽ പങ്കെടുത്തു.

---

പാലക്കാട് മലമ്പുഴ നിയോജക മണ്ഡലത്തിലെ 55 ഗവ. എയ്ഡഡ് വിദ്യാലയങ്ങൾക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഇന്ന് വിതരണം ചെയ്യും. കഞ്ചിക്കോട് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഭരണ പരിഷ്കാര കമ്മീഷൻ അധ്യക്ഷൻ ശ്രീ വി എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യും.

---

സംസ്ഥാനത്തെ ഏറ്റവും വലിയ ജലസംഭരണിയുംവൈദ്യുതോത്പാദന സ്രോതസ്സുമായ ഇടുക്കി ഡാമിലെ ജലനിരപ്പ് 2300.04 അടിയായി താഴ്ന്നു. കഴിഞ്ഞ വർഷം ഇതേ കാലയളവിലുണ്ടായിരുന്നതിനേക്കാൾ 18.16 അടി കുറവാണ് ഇപ്പോഴത്തെ ജലനിരപ്പ്. സംഭരണശേഷിയുടെ 10 ശതമാനം വെള്ളം മാത്രമാണ് അണക്കെട്ടിലിപ്പോൾ അവശേഷിക്കുന്നത്. ഈ കാലവർഷക്കാലത്ത് 31 ശതമാനം മഴയുടെ കുറവാണ് ഉണ്ടായിട്ടുള്ളത്.

---

സ്വാതന്ത്ര്യസമര സേനാനിയും സാമൂഹിക സാംസ്ക്കാരിക പ്രവർത്തകനുമായ കോഴിക്കോട് ഉള്ള്യേരിയിലെ പടച്ചോനെന്ന തെയ്യോൻ നിര്യാതനായി. 92 വയസ്സായിരുന്നു. സംസ്ക്കാരം വൈകീട്ട് നാലിന് വീട്ടുവളപ്പിൽ നടക്കും.

---

തൃശൂരിൽ കള്ളനോട്ടടിച്ചതിന് പിടിയിലായ യുവമോർച്ച നേതാവിനെതിരെ യുഎപിഎ ചുമത്തണമെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ശ്രീ.ഡീൻ കുര്യാക്കോസ് ആവശ്യപ്പെട്ടു. പ്രതിക്ക് ബിജെപി നേതാക്കളുമായി ബന്ധമുണ്ടെന്നതിനാൽ ഉന്നത ഉദ്യോഗസ്ഥർ കേസ് അന്വേഷിക്കണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

---

ശൃംഖേരി ശാരദാപീഠാധിപതി ജഗദ്ഗുരു ശ്രീ ശങ്കരാചാര്യ, ശ്രീ ഭാരതി തീർത്ഥ മഹാസ്വാമികൾക്ക് തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ കണ്ണൂരിൽ സ്വീകരണം നൽകുമെന്ന്



RNU CALICUT

സംഘാടകർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. തിങ്കളാഴ്ച വൈകുന്നേരം, കണ്ണൂർ ചിന്മയ വനിതാകോളേജിലാണ് സ്വീകരണം. ചൊവ്വാഴ്ച മുതൽ ഭക്തജനങ്ങൾക്ക് ദർശനത്തിന് അവസരമൊരുക്കും.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനൊപ്പം സൗരോർജ്ജപാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള സംസ്ഥാനത്തെ ആദ്യ സൗരോർജ്ജ പദ്ധതിക്ക് ഇടുക്കിയിലെ രാമക്കൽമേട്ടിൽ തുടക്കമാകുന്നു. അനർട്ടും, സി-ഡാക്കും ചേർന്ന് നടത്തുന്ന പദ്ധതിക്ക് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചു. 16 കോടി രൂപ ചെലവിടുന്ന ഒന്നാംഘട്ടത്തിൽ 3 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കും.

ൠ ൠ ൠ ൠ ൠ ൠ ൠ ൠ

RNU CALICUT